(ബി) ഉണ്ടെങ്കിൽ അതിനുള്ള പ്രവർത്തനം എത്രത്തോളമായെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പുതിയ വികസന അതോറിറ്റികളുടെ രൂപീകരണം തങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുമെന്ന ആരോപണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ വിശദമായ ചർച്ചക്കുശേഷംമാത്രമേ മലയോര തീരദേശ വികസന അതോറിറ്റികൾ രൂപീകരിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയൂ.

തലസ്ഥാനത്ത് അംബേദ്കർ പ്രതിമാ സ്ഥാപനം

3 (744) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർ അംബേദ്കറുടെ പ്രതിമ തലസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രതിമ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രതിമ എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രാഷ്ട്ര പിതാവിന്റെയും ജവഹർലാൽ നെഹ്രുവിന്റെയും പ്രതിമകൾക്കൊപ്പം ഡോക്ടർ അംബേദ്കറുടെയും പ്രതിമ നിയമസഭാ സമുച്ചയത്തിനു മുമ്പിൽ സ്ഥാപിക്കുന്നതിനു തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പ്രതിമാ നിർമ്മാണ ചുമതല ഏല്പിക്കുന്നതിന് അനുയോജ്യനായ ഒരു ശില്പിയെ കണ്ടെത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു നാലംഗകമ്മറ്റി രൂപീകരിക്കുകയും ടി കമ്മറ്റിയുടെ ശുപാർശപ്രകാരം ഒരു ശില്പിയെ പ്രസ്തുത ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു.

(സി & ഡി) മേൽ (എ)-യിൽ നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly